LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ കൃഷിയോഗ്യമായ തരിശ്ശു ഭൂമിയുടെ കണക്ക് ചുവടെ ചേർക്കുന്നു:

കോട്ടയം	1835.31 ഹെക്ടർ
ആലപ്പുഴ	3976 ഹെക്ടർ
തൃശ്ശൂർ	3902 ഹെക്ടർ
പാലക്കാട്	4681.22 ഹെക്ടർ

കാർഷിക സമിതി രൂപീകരണം

36 (1375) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പുരോഗതിക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സമിതികളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം സമിതികളുടെ രൂപീകരണംവഴി കാർഷിക മേഖലയ്ക്ക് ഉണ്ടാകാവുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

37 (1376) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി വിശദീകരിക്കുമോ;

(ബി) ഇതിനായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യു കഴിഞ്ഞിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) കർഷകരിൽനിന്ന് എത്ര ടൺ പച്ചക്കറി ശേഖരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ഇവ ശേഖരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?